പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 302 | 28/01/2019 ൽ മറുപടി നല്കേണ്ടത്. |
|---|---|

## കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ആൻസലൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2018-19 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കിയ പൊഴിയൂർ-കാരോട്, ചെങ്കൽ-കുളത്തൂർ എന്നീ കേന്ദ്രങ്ങളിൽ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | എ) | 2018-19 വർഷത്തിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പൊഴിയൂർ-കാരോട്, ചെങ്കൽ-കുളത്തൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് സിവിൽ ഇലക്ട്രിക്കൽ വർക്ക്, ലാബ് നവീകരണം, തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | 2019 മാർച്ച് മാസത്തിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ; | ബി) | അടിസ്ഥാന സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തൽ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| സി) | പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത് എന്നും ഓരോ കേന്ദ്രത്തിനും എത്ര ലക്ഷം രൂപയാണ് ചെലവ് വരുന്നത് എന്നും വ്യക്തമാക്കാമോ? | സി) | പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തി നിർവ്വഹിക്കുന്നതിന് എൻ.എച്ച്.എം മുഖേന എച്ച്.എൽ. എൽ എന്ന ഏജൻസിയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഓരോ കേന്ദ്രത്തിനു നിലവിൽ എൻ.എച്ച്.എം ഫണ്ടും, എൽ.എസ്.ജി.ഡി ഫണ്ടും ഉൾപ്പെടെ വകയിരുത്തിയിരിക്കുന്ന തുക ചുവടെ ചേർക്കുന്നു.<br>കാരോട് പി.എച്ച്.സി- 22,35,957/- (ഇരുപത്തി രണ്ട് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി തൊള്ളായിരത്തി അൻപത്തി ഏഴ് )രൂപ<br>ചെങ്കൽ പി.എച്ച്.സി-26,60,676/ - ( ഇരുപത്തിയാറ് ലക്ഷത്തി അറുപതിനായിരത്തി |

| | | | |
|---|---|---|---|
| | | | അറുന്നൂറ്റി എഴുപത്തിയാറ് )രൂപ<br>പൊഴിയൂർ പി.എച്ച്.സി- 14,46,101/-രൂപ (പതിനാലു ലക്ഷത്തി നാൽപ്പത്തിയാറായിരത്തി ഒരുന്നൂറ്റി ഒന്ന് )രൂപ<br>കളത്തൂർ പി.എച്ച്.സി- 22,91,724 /-രൂപ ( ഇരുപത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി എഴുന്നൂറ്റി ഇരുപത്തി നാല്) രൂപ |

സെക്ഷൻ ഓഫീസർ